**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1226** **07-10-2021 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ ലോ പെയ്ഡ് ജീവനക്കാർക്ക് ബൈടാൻസ്ഫർ മുഖാന്തിരം അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിൽ നിയമനം നൽകുന്നതിന് എത്ര വർഷത്തെ സർവ്വീസ് ആണ് ആവശ്യമായിട്ടുള്ളത് ; വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം, പൊതുമരാമത്ത് വകുപ്പിലെ സബോർഡിനേറ്റ് തസ്തികയിൽപ്പെട്ട സാങ്കേതിക യോഗ്യതയുള്ള താഴ്ന്നവിഭാഗം ജീവനക്കാർക്ക് ബൈടാൻസ്ഫർ മുഖാന്തിരം അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി, ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് ഓവർസീയർ / ട്രേസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് കുറഞ്ഞത് 2 വർഷം സേവന ദൈർഘ്യവും മതിയായ യോഗ്യതയുള്ള ക്ലാർക്ക്, ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഈ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവർക്ക് കുറഞ്ഞത് 6 വർഷത്തെ സേവനദൈർഘ്യവും ഉണ്ടായിരിക്കണം. അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിൽ 60% നേരിട്ടുള്ള നിയമനം നൽകി വരുന്നതിൽ 10% ആണ് വകുപ്പിലെ ജീവനക്കാർക്കായി മാറ്റിവച്ചിട്ടുള്ളത്. അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രോണിക്സ് തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള 25% തസ്തികകളിൽ 10% മേൽ വിഭാഗത്തിലെ പ്രൊബേഷൻ പൂർത്തീകരിച്ച സാങ്കേതിക യോഗ്യതയുള്ള ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രോണിക്സ്) വിഭാഗത്തിൽ നേരിട്ടുള്ള നിയമനത്തിനായി ആകെ 7 തസ്തികകൾ മാത്രമാണുള്ളത്. അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള 25 % തസ്തികകളിൽ 20% തസ്തികകൾ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ യോഗ്യരായ ഒന്നാം തരം / രണ്ടാംതരം ഓവർസിയർ, ക്ലാർക്ക് തസ്തികകളിലെ |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പിലെ 2 വർഷം സർവ്വീസുള്ള ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി മാറ്റി വച്ചിരിക്കുന്നു. തസ്തിക മാറ്റം വഴിയുള്ള നിയമനങ്ങൾ പി എസ് സി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തി വരുന്നത്. |
| (ബി) | പ്രൊബേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് യോഗ്യരായ ഉദ്യോഗസ്ഥർക്ക് തസ്തികമാറ്റം വഴിയുള്ള സ്ഥാനക്കയറ്റം നൽകുന്നതിന് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാറുണ്ടോ; | (ബി) | നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം, പൊതുമരാമത്ത് വകുപ്പിലെ സബോർഡിനേറ്റ് തസ്തികയിൽപ്പെട്ട സാങ്കേതിക യോഗ്യതയുള്ള താഴ്ന്നവിഭാഗം ജീവനക്കാർക്ക് ബൈട്രാൻസ്ഫർ മുഖാന്തിരം അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി, ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് ഓവർസീയർ / ട്രേസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് കുറഞ്ഞത് 2 വർഷം സേവന ദൈർഘ്യവും മതിയായ യോഗ്യതയുള്ള ക്ലാർക്ക്, ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഈ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നവർക്ക് കുറഞ്ഞത് 6 വർഷത്തെ സേവനദൈർഘ്യവും ഉണ്ടായിരിക്കണം. അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിൽ 60% നേരിട്ടുള്ള നിയമനം നൽകി വരുന്നതിൽ 10% ആണ് വകുപ്പിലെ ജീവനക്കാർക്കായി മാറ്റിവച്ചിട്ടുള്ളത്. അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രോണിക്സ് തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള 25% തസ്തികകളിൽ 10% മേൽ വിഭാഗത്തിലെ പ്രൊബേഷൻ പൂർത്തീകരിച്ച സാങ്കേതിക യോഗ്യതയുള്ള ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രോണിക്സ്) വിഭാഗത്തിൽ നേരിട്ടുള്ള നിയമനത്തിനായി ആകെ 7 തസ്തികകൾ മാത്രമാണുള്ളത്. അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള 25 % തസ്തികകളിൽ 20% തസ്തികകൾ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ യോഗ്യരായ ഒന്നാം തരം / രണ്ടാംതരം ഓവർസിയർ, ക്ലാർക്ക് തസ്തികകളിലെ പൊതുമരാമത്ത് വകുപ്പിലെ 2 വർഷം സർവ്വീസുള്ള ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി മാറ്റി വച്ചിരിക്കുന്നു. തസ്തിക മാറ്റം വഴിയുള്ള നിയമനങ്ങൾ പി എസ് സി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തി വരുന്നത്. |
| | | | |

| | | | |
|---|---|---|---|
| (സി) | പ്രൊബേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുവാൻ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ? | (സി) | ഈ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തികയ്ക്ക് താഴെയുള്ള മറ്റ് വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുവാൻ സഹായകരമാകുന്ന രീതിയിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ